ഇ6-2686/17

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി : 28/06/2017
ഫോൺ: 0471-2318896
E mail ID duatvpm @gmail.com

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: നഗരകാര്യ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റം-കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:
1. സർക്കാരിന്റെ 25.02.2017 ലെ സ.ഉ(പി) 03/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. നഗരകാര്യ ഡയറക്ടറുടെ 08.02.2017, 12.05.2017 തീയതികളിലെ ഇതേ നമ്പർ സർക്കുലർ
3. ഈ ഓഫീസിലെ 24.06.2017 ലെ ഇതേ നമ്പർ കത്ത്

***********

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ടിക്കുന്ന ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് താഴെപറയുന്ന തസ്തികകളിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള കരട് ക്യൂ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

1. റവന്യൂ ഓഫീസർ ഗ്രേഡ് II
2. സൂപ്രണ്ട്
3. ഹെഡ് ക്ലർക്ക് /റവന്യൂ ഇൻസ്പെക്ടർ
4. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്
5. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
6. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
7. സീനിയർ ക്ലർക്ക്
8. ടൈപ്പിസ്റ്റ്
9. ഫെയർകോപ്പി സൂപ്രണ്ട്
10. ലൈബ്രേറിയൻ
11. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധരേഖകളും സമർപ്പിക്കാത്തവരെ സ്ഥലംമാറ്റത്തിലെ അനുകമ്പാർഹമായ ഇളവുകളുടെ അടിസ്ഥാനത്തിലുള്ള മുൻഗണന നൽകി ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജീവനക്കാരുടെ ആശ്രിതരുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് ക്യൂ ലിസ്റ്റിൽ മുൻഗണന ലഭിച്ചവർ, ആശ്രിതർ തങ്ങളുടെ സംരക്ഷണത്തിലാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം നഗരസഭാ സെക്രട്ടറിയിൽ നിന്നും വാങ്ങി 07.07.2017 നകം ഹാജരാക്കേണ്ടതാണ്. രണ്ടാം സൂചിത സർക്കുലറുകൾ പ്രകാരമുള്ള നിശ്ചിത സമയപരിധിക്കകം ലഭ്യമാക്കാത്ത അപേക്ഷകൾ പരിഗണിച്ചിട്ടില്ലാത്തതാണ്.

ഹോം സ്റ്റേഷനിലെ സേവനകാലയളവും ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്നതും എന്നാൽ 2017-18 പൊതു സ്ഥലംമാറ്റത്തിൽ വീണ്ടും അത്തരം സ്റ്റേഷനുകളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുകയും ചെയ്യുന്ന സ്റ്റേഷനുകളിലെ സേവനകാലയളവും (ആ സ്റ്റേഷനിലേയ്ക്കുള്ള സ്ഥലംമാറ്റത്തിന്) പൂർണ്ണമായും ഒഴിവാക്കിയാണ് Outstation Seniority കണക്കാക്കിയിട്ടുള്ളത്. ഒന്നാം സൂചിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻടി കേഡർ തസ്തികയിൽ ജില്ലാ നിയമനം ലഭിച്ചവരുടെ opted ജില്ലയിലെ 5 വർഷത്തെ നിർബന്ധിത സേവന കാലയളവ് Outstation Seniority കണക്കാക്കുന്നതിനായി പരിഗണിച്ചിട്ടില്ലാത്തതാണ്. ഇപ്രകാരം 5 വർഷ നിർബന്ധിത സേവനകാലയളവ് Outstation Seniority കണക്കാക്കുന്നതിൽ ഒഴിവാക്കിയാണ് സൂചന (3) പ്രകാരവും ക്യൂ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുക, സാക്ഷ്യപ്പെടുത്താതിരിക്കുക തുടങ്ങിയ അപാകതകൾ ഉള്ള അപേക്ഷകൾ പരിഗണിച്ചിട്ടില്ല.

കരട് ക്യൂ ലിസ്റ്റിൻമേൽ ആക്ഷേപമുള്ളവർ തങ്ങളുടെ ആക്ഷേപം വസ്തുനിഷ്ഠമായും ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട രേഖകൾ സഹിതവും 07.07.2017 നകം ലഭ്യമാക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

വിവിധ വിഭാഗം നഗരസഭാ ജീവനക്കാരുടെ സേവന കാര്യങ്ങൾ നഗരകാര്യ ഡയറക്ടറേറ്റിൽ വ്യത്യസ്ത സെക്ഷനുകളിൽ കൈകാര്യം ചെയ്തു വരുന്നതെന്നതിനാൽ ഓരോ വിഭാഗത്തിന്റെയും അപേക്ഷകൾ വെവ്വേറെ ഉപരിപത്രം സഹിതം അയച്ചുതരുന്നതിന് നഗരസഭാ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവും ആയത് നിലവിൽ വന്നതീയതിയും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)
ഹരിത. വി. കുമാർ ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

വി.എസ്.ആർ